"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോവിഡ് 19 - ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച മാർഗനിർദ്ദേശങ്ങളിൽ ഖണ്ഡിക VII സാമ്പത്തികത്തിൽ ഡി.ഡി.എം.എ. നൽകേണ്ടുന്ന തുക ബെഡ്ഡുകളുടെ എണ്ണത്തിന് ആനുപാതികമായി പരിമിതപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കിക്കൊണ്ടും റീഇംബേഴ്സ്മെന്റ് അർഹത ആരോഗ്യ വകുപ്പിന്റെയും ഡിഡിഎംഎകളുടെയും നിർദ്ദേശപ്രകാരം സജ്ജീകരിച്ച ഡൊമിസിലിയറി കെയർ സെന്ററുകൾക്കും കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്കും കൂടി ബാധകമാക്കിയും - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.2642/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/12/2021

---

പരാമർശം:-
1. 16.07.2020 ലെ സ.ഉ. (സാധാ)1364/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 17.06.2021 ലെ സ.ഉ. (സാധാ)1161/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തെ നേരിടുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തുടക്കം മുതൽ തന്നെ ആരോഗ്യ വകുപ്പുമായി ചേർന്ന് ക്വാറന്റൈൻ സെന്ററുകൾ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTCs), കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CSLTCs), ഡൊമിസിലിയറി കെയർ സെന്ററുകൾ (DCCs) തുടങ്ങിയവ പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ഏർപ്പെടുത്തി പ്രതിരോധ പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിന്ന് പ്രവർത്തിച്ചുവരികയാണ്. കോവിഡ് വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും ദുരന്തനിവാരണ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണ് മേൽപ്പറഞ്ഞ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്.

2) ഇതിന്റെ ഭാഗമായി കോവിഡ് വ്യാപനത്തെ നേരിടുന്നതിനുവേണ്ടി പ്രത്യേകമായി തയ്യാറാക്കിയ ജനകീയ ആരോഗ്യ പരിപാലന കേന്ദ്രങ്ങളായ സി.എഫ്.എൽ.ടി.സി.കളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് വിശദമായ മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗനിർദ്ദേശങ്ങളിൽ ഖണ്ഡിക VII ൽ ഇവയുടെ സാമ്പത്തികം സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. അതുപ്രകാരം സി.എഫ്.എൽ.ടി.സി.കൾ ആരംഭിക്കുമ്പോൾ ബെഡ്ഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡി.ഡി.എം.എ. നൽകേണ്ടുന്ന തുക സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് ചില ഡി.ഡി.എം.എ. ചെയർമാന്മാരുടെ നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിൽ മാർഗ്ഗരേഖകളിലെ ഖണ്ഡിക VII സാമ്പത്തികം പരാമർശം 2 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്യുകയുമുണ്ടായി.

3) സി.എഫ്.എൽ.ടി.സി.കൾ പരമാവധി 6 മാസത്തേക്ക് പ്രവർത്തനക്ഷമമായിരിക്കുമെന്ന അനുമാനത്തിലാണ് ആ കാലയളവിൽ നടത്തിയ ആസൂത്രണങ്ങൾക്ക് അനുസൃതമായി പരാമർശിത ഉത്തരവിൽ പരിധി നിർദ്ദേശിച്ചത്. എന്നാൽ, സംസ്ഥാനത്ത് കോവിഡ് രോഗവ്യാപനം പൂർണമായും അവസാനിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചില തദ്ദേശ സ്ഥാപനങ്ങൾക്ക് 18 മാസത്തിലേറെയായി സി.എഫ്.എൽ.ടി.സി.കൾ പ്രവർത്തിപ്പിക്കേണ്ടിവന്നിട്ടുണ്ട്. അവ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങളുടെ അധികാരപരിധിക്കപ്പുറമുള്ള ഒരു ജനസംഖ്യയെ കൂടി അവയ്ക്ക് പരിപാലിക്കേണ്ടിവന്നു. ഇവയുടെ ചെലവ് വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ കഴിയാത്ത സാഹചര്യമാണുള്ളത്. കോവിഡ് വ്യാപനം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിലെ കുറവും വ്യാപനം നേരിടുന്നതിനായി സി.എഫ്.എൽ.ടി.സി.കൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ഉപയോഗിക്കേണ്ടിവന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

4) ആയതിനാൽ, പരാമർശിത ഉത്തരവുകൾ പ്രകാരം നിശ്ചയിച്ച പരിധി നീക്കംചെയ്യുന്നതുവഴി എസ്.ഡി.ആർ.എഫിന് കീഴിൽ അനുവദനീയമായ റീഇംബേഴ്സ്മെന്റ് സി.എഫ്.എൽ.ടി.സി.കൾക്ക് പൂർണ്ണമായും നൽകാൻ കഴിയും എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, സി.എഫ്.എൽ.ടി.സി.കളുടെയും സി.എസ്.എൽ.ടി.സി.കളുടെയും നടത്തിപ്പിനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുന്നതിൽ നിന്നും ഒഴിവാകുന്നതിലേയ്ക്കായി മാർഗ്ഗരേഖയിലെ ഖണ്ഡിക VII സാമ്പത്തികത്തിൽ ഡി.ഡി.എം.എ. നൽകേണ്ടുന്ന തുക ബെഡ്ഡുകളുടെ എണ്ണത്തിന് ആനുപാതികമായി പരിമിതപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കിക്കൊണ്ടും റീഇംബേഴ്സ്മെന്റ് അർഹത ആരോഗ്യ വകുപ്പിന്റെയും ഡിഡിഎംഎകളുടെയും നിർദ്ദേശപ്രകാരം സജ്ജീകരിച്ച ഡൊമിസിലിയറി കെയർ സെന്ററുകൾക്കും കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്കും കൂടി ബാധകമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) മേൽ ഭേദഗതിയോടെ പരാമർശം 1 ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സിഎയ്ക്ക്